# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2012 ഡിസംബർ 20, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

29 (*241) സംസ്ഥാനത്തെ സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): നൽകിയ മറുപടിയിൽ, വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ സ്കൂളുകളിൽ നടത്തുന്ന ഉച്ചഭക്ഷണ പദ്ധതിയുടെ നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു അദ്ധ്യയന വർഷം കുട്ടി ഒന്നിന് ഒരു നിശ്ചിത തുക നിശ്ചയിച്ച് ആയതു മുൻകൂറായി പ്രഥമാദ്ധ്യാപകർക്ക് അനുവദിച്ചുകൊണ്ടും പാചകത്തൊഴിലാളികൾക്ക് വേതനം നിശ്ചയിച്ചുകൊണ്ടും 01.08.2012-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ആയതു പ്രകാരം 150 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ കുട്ടി ഒന്നിന് പ്രതിദിനം 5 രൂപ നിരക്കിലും, 150 രൂപ പാചകകൂലിയും, 151 മുതൽ 500 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ കുട്ടി ഒന്നിന് പ്രതിദിനം 6 രൂപ നിരക്കിലും (പാചകകൂലി ഉൾപ്പെടെ) 501 നു മുകളിൽ കുട്ടികൾ വരുന്ന സ്കുളുകളിൽ 500

കുട്ടികൾ വരെ 6 രൂപയും 500 നു മുകളിൽ ഓരോ കുട്ടിക്കും പ്രതിദിനം 5 രൂപ വീതവും (പാചക കൂലി ഉൾപ്പെടെ) നൽകിവരുന്നുണ്ട്. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളുടെ മേൽനോട്ടത്തിൽ അദ്ധ്യാപക രക്ഷാകർതൃ സമിതിയുടെ ജനറൽബോഡിയിൽ നിന്നും പി.ടി.എ. പ്രസിഡന്റ് ചെയർമാനും ഹെഡ്മാസ്റ്റർ കൺവീനറുമായുള്ള നൂൺഫീഡിംഗ് കമ്മിറ്റിക്കായിരിക്കും പദ്ധതി നടത്തിപ്പിന്റെ പൂർണ്ണ ചുമതല. അരിയുടെ വിലയായി മെട്രിക് ടണ്ണിന് 5650 രൂപയും പാചക ചെലവിനു പ്രൈമറി വിഭാഗത്തിൽ കുട്ടിയൊന്നിന് ദിവസം 2.33 രൂപ നിരക്കിലും അപ്പർ പ്രൈമറി വിഭാഗത്തിൽ കുട്ടി ഒന്നിന് ദിവസം 3.49 രൂപ നിരക്കിലും അരിയുടെ ലിഫ്റ്റിംഗ് ചാർജ്ജായി മെട്രിക് ടണ്ണിന് 750/- രൂപ നിരക്കിലും സ്കൂൾ പാചകത്തൊഴിലാളിക്ക് മാസം 750/- രൂപയും കൂടാതെ അരിയുടെ വില ഉൾപ്പെടെയുള്ള ആകെ ചെലവിന്റെ 1.8 ശതമാനം തുക ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിനായും കേന്ദ്ര വിഹിതമായി നൽകുന്നു. പാചക ചെലവിനു പ്രൈമറി വിഭാഗത്തിലും അപ്പർപ്രൈമറി വിഭാഗത്തിലും കുട്ടിയൊന്നിന് മിനിമം 2.75 രൂപ നിരക്കിലും പാചകത്തൊഴിലാളിക്ക് മാസം മിനിമം 250/- രൂപയും സംസ്ഥാന വിഹിതമായിട്ട് ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടി സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഔട്ട്ലെറ്റിൽനിന്ന് തന്നെ സാധനങ്ങൾ വാങ്ങണമെന്ന നിർദ്ദേശിച്ചിട്ടുണ്ടെന്നും പദ്ധതി നടത്തിപ്പ് കുറ്റമറ്റതും സുതാര്യവുമാക്കാൻ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും ഇപ്രകാരം രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിന് പ്രഥമാദ്ധ്യാപകന് പുറമേ മറ്റൊരു അദ്ധ്യാപകനെ കൂടി നിയമിക്കാമെന്നും അദ്ധ്യാപക പാക്കേജിന്റെ ഭാഗമായി തീരുമാനിച്ചിട്ടുണ്ട്. സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാ

ക്കുന്ന 33 ഓളം മണ്ഡലങ്ങളിലെ സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് പുറമേ പ്രഭാത ഭക്ഷണവും കൊടുക്കുന്നുണ്ട്. അതിലേയ്ക്ക് ഗവൺമെന്റ് നൽകുന്ന തുകയ്ക്ക് പുറമേ പി.റ്റി.എ. യുടെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപന ങ്ങൾ, എം.എൽ.എ/എം.പി. ഫണ്ട്, സ്പോൺസേഴ്സ് എന്നിവരിൽനിന്നും തുക സമാഹരിക്കുന്നുണ്ട്. ഉച്ചഭക്ഷണത്തിന് കേന്ദ്ര വിഹിതം വർദ്ധിപ്പിക്കുന്ന തിനാനുപാതികമായി സംസ്ഥാന വിഹിതവും വർദ്ധിപ്പിക്കും. ആർ.എം. എസ്.എ. പദ്ധതിയിൽപ്പെട്ട സ്കൂളുകളിലും ട്രൈബൽ സ്കൂളുകളിലും ഉച്ചഭക്ഷണം കൊടുക്കുന്നുണ്ട്. പാചകവാതക പ്രതിസന്ധി പരിഹരിക്കുന്ന തിന് ബദൽ സംവിധാനങ്ങളെപ്പറ്റി ആലോചിക്കുന്നതാണ്. കുട്ടികൾക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിനും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനു മായി പാലും മുട്ടയും നൽകുന്ന പദ്ധതി നിലവിലുണ്ടെന്നും ഉച്ചഭക്ഷണത്തിന്റെ ഡയറ്റ് തീരുമാനിക്കുന്നതിന് ഒരു ഗൈഡ് ലൈൻ നിശ്ച യിക്കുന്ന കാര്യം ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടി യായി മന്ത്രി അറിയിച്ചു. ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിൽ അംഗങ്ങൾ പ്രകടി പ്പിക്കുന്ന താത്പര്യത്തിൽ സന്തോഷമുണ്ടെന്നും എന്തെങ്കിലും പരാതിയോ അപര്യാപ്തതയോ ഉണ്ടെങ്കിൽ അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടു ത്തിയാൽ പരിഹരിക്കുന്നതാണെന്നും മുഖ്യമന്ത്രി സഭയെ അറിയിക്കുകയും പദ്ധതി ഫലപ്രാപ്തിയിലെത്തിക്കുന്നതിൽ തുടർന്നും എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

30(*242) <u>ലാന്റ് ഗവേണൻസ് സൊസൈറ്റി</u>

റവന്യുവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) നൽകിയ മറുപടിയിൽ, പൊതു സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിദഗ്ദ്ധവും ശാസ്ത്രീയവുമായ പരിപാലനവും, ഫലപ്രദമായ വിനിയോഗവുമാണ് 3-3-2012-ലെ ഉത്തരവ് പ്രകാരം രൂപീകരിച്ച ലാന്റ് ഗവേണൻസ് സൊസൈറ്റി യുടെ മുഖ്യപ്രവർത്തനലക്ഷ്യമെന്ന് സഭയെ അറിയിച്ചു. ഭൂപരിഷ്കരണം, ഭൂമി ഏറ്റെടുക്കൽ, ഭൂ ഉടമസ്ഥാവകാശം മുതലായ വിഷയങ്ങളെ സംബന്ധി ച്ചുള്ള നിയമങ്ങൾ, ചട്ടങ്ങൾ, നിയന്ത്രണങ്ങൾ എന്നിവ രൂപീകരിക്കുന്നതിന് ശുപാർശ നൽകുന്നതിന് റവന്യു സെക്രട്ടറി എക്സ് ഒഫിഷ്യോ ചെയർമാനാ യിരിക്കുന്ന സൊസൈറ്റി ലക്ഷ്യമിട്ടിട്ടുണ്ട്. റവന്യു റിക്കവറി പ്രകാരം സംസ്ഥാനത്തൊട്ടാകെ 662 കേസുകളിലായി ഏറ്റെടുക്കപ്പെട്ട് കേരള സ്റ്റേറ്റ് ലാന്റ് ബാങ്കിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള 231.3207 ഹെക്ടർ ഭൂമി സർക്കാർ ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന് സാധിക്കാത്ത സാഹചര്യത്തിൽ കേരള റവന്യു റിക്കവറി (കെ.ആർ.ആർ) ആക്ട് പ്രകാരം ഒരിക്കൽക്കൂടി പൊതു ലേലത്തിൽ വച്ച് വിൽക്കുകയാണ് ചെയ്യുന്നത്. ഭൂരഹിതരായ 2,33,232 കുടുംബങ്ങളിൽ ഒരു ലക്ഷം പേർക്ക് 2013 ഓഗസ്റ്റ് 15-ന് മുമ്പ് മൂന്ന് സെന്റ് ഭൂമി വീതം നൽകുന്നതിന് ആവശ്യ മായ പരിശോധന നടത്തി നടപടി സ്വീകരിക്കുന്നതിനായി ലാന്റ്/റവന്യു ജോയിന്റ് കമ്മീഷണറെ നിയോഗിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന പുറമ്പോക്ക് ഭൂമി ലാന്റ് ബാങ്കിൽ ഉൾപ്പെട്ടി ട്ടുണ്ടോയെന്ന് പരിശോധിക്കുന്നതാണ്. ഭൂമിയുടെ മാർക്കറ്റ് വില നിശ്ചയിക്കു

ന്നതിന് നടപടി സ്വീകരിക്കുന്നതിനായി ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റവന്യു റിക്കവറിയിൽ പിടിച്ചെടുത്ത ഭൂമി തിരിച്ചുകൊടുക്കുന്നില്ല. അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുന്നവർക്കെതിരെയും നിയമങ്ങൾ ലംഘിച്ച് നിലം നികത്തുന്നവർക്കെതിരെയും കർശന നടപടി സ്വീകരിക്കും. മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയുടെ ഭൂമി അന്യാധീനപ്പെട്ടത് സംബന്ധിച്ച കേസ് കോടതിയുടെ പരിഗണനയിലാണ്. മലപ്പുറത്ത് ഐ.എച്ച്.ആർ.ഡി. കോളേജിനുവേണ്ടി അനുയോജ്യമായ സർക്കാർ ഭൂമി കണ്ടെത്തിയാൽ അത് പതിച്ചുനൽകും. ജോലിഭാരം ലഘൂകരിക്കുന്നതിനായി വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനും വില്ലേജ് ഓഫീസർമാർക്ക് ലാപ് ടോപ് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

31 (*243) <u>സ്മാർട്ട് ക്ലാസ് റൂം പദ്ധതി</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സ്മാർട്ട് ക്ലാസ് റൂം പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണെന്നും ക്ലാസ് മുറികളിലെ പഠന ബോധന പ്രവർത്തനങ്ങൾ ആയാസരഹിതവും ഫലപ്രദവുമാക്കുന്നതിന് ആധുനിക വിവര വിനിമയ സാങ്കേതിക വിദ്യയുടെ ഉപയോഗം പ്രയോജനപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യമെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്തെ മുഴുവൻ ക്ലാസ് മുറികളും ഘട്ടംഘട്ടമായി സ്മാർട്ട് ക്ലാസ് മുറികളാക്കാനും 2012-13 വർഷം ഒരു സ്കൂളിൽ ഒരു സ്മാർട്ട് ക്ലാസ് മുറിയെങ്കിലും ഒരുക്കാനും ഉദ്ദേശിക്കുന്നുണ്ട്. ആധുനിക വിവര വിനിമയ സങ്കേതങ്ങൾക്ക് സഹായകമായ കമ്പ്യൂട്ടർ/ലാപ്ടോപ്

കമ്പ്യൂട്ടർ, മൾട്ടിമീഡിയ പ്രൊജക്ടർ, ബ്രോഡ്ബാന്റ് ഇന്റർനെറ്റ് തുടങ്ങിയവ ആദ്യഘട്ടമായി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധനയിലാണ്. അദ്ധ്യാപകർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകി വരുന്നുണ്ട്. കമ്പ്യൂട്ടറിന്റെയും അനുബന്ധ സാമഗ്രികളുടെയും കേടുപാടുകൾ തീർക്കുന്നതിന് അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും പരിശീലിപ്പിക്കുന്നതിന് ഹാർഡ്വെയർ ക്ലിനിക്കുകൾ തുടങ്ങുന്നതിനെക്കുറിച്ചും കണ്ണൂരിൽ എഡ്യുസാറ്റ് സെന്റർ സ്ഥാപിക്കുന്നതിനെക്കുറിച്ചും പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

32 (*244&*247) <u>കയർ വ്യവസായം</u>

റവന്യൂവും കയറും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കയറിന്റെയും കയർ ഉത്പന്നങ്ങളുടെയും നിർമ്മാണത്തിനാവശ്യമായ ഗുണമേന്മയുള്ള ചകിരിയുടെ ദൗർലഭ്യവും അന്യസംസ്ഥാനത്തുനിന്നും ചകിരി കൊണ്ടുവരുന്നതിന് വഹിക്കേണ്ട ഭീമമായ ചെലവും അടിക്കടിയുണ്ടാവുന്ന വില വ്യതിയാനവും കയർ വ്യവസായം നേരിടുന്ന പ്രധാന വെല്ലുവിളികളാണെന്ന് സഭയെ അറിയിച്ചു. കൂലി കൂടുതലുള്ള മേഖലയിലേയ്ക്ക് തൊഴിലാളികൾ പോകുന്നത് പരിഹരിക്കുന്നതിനായി കയർപിരി മേഖലയിലെയും കയർ ഉത്പന്ന മേഖലയിലെയും കൂലി വർദ്ധിപ്പിച്ച് തൊഴിലവസരങ്ങളും ഉത്പാദനവും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.. തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കുന്നതും, നിലവിലുള്ള ഡീഫൈബറിംഗ് മില്ലുകൾ പുനരുദ്ധരിക്കാനുള്ള പദ്ധതിയും മിനി ഡീഫൈബറിംഗ് മെഷീനുകൾ സൗജന്യമായി സഹകരണ മേഖലയ്ക്കും സബ്സിഡി

നിരക്കിൽ സ്വകാര്യമേഖലയ്ക്കും നൽകുന്നതും പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധന പരിധി വർദ്ധിപ്പിച്ച് സംഘങ്ങൾക്ക് നൽകുന്നതും ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം കയർപിരി മേഖലയിൽ കൂലി 210 രൂപയാക്കി 110 രൂപയോളം സർക്കാർ തന്നെ നൽകുന്നതും ഉത്പന്നമേഖലയിൽ കൂലി 285 രൂപയായി വർദ്ധിപ്പിച്ചതും വിപണനം ശക്തിപ്പെടുത്താൻ കയർ എക്സ്പോ/കയർ കേരള പോലുള്ള എക്സിബി ഷനുകൾ നടത്തുന്നതും കയർ വ്യവസായത്തെ സംരക്ഷിച്ചു നിർത്തുന്നതിന് ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികളാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ യും കയർഫെഡിന്റെയും കയറ്റുമതി 2009-10-ൽ 9.76 ലക്ഷം രൂപയും 2010 -11-ൽ 61.53 ലക്ഷം രൂപയും ആയിരുന്നത് കയർ എക്സ്പോകൾ നടത്തിയ തുമൂലം 2011-12-ൽ 77.93 ലക്ഷം രൂപയും 2012-13-ൽ ഇതുവരെ 269.63 ലക്ഷം രൂപയുമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. 2010-11-ൽ 807 കോടി രൂപ കയറ്റുമതി ഉണ്ടായിരുന്ന സ്ഥാനത്ത് 2011-12-ൽ 1052 കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. പുനരുദ്ധാരണ പദ്ധതി പ്രകാരം കയർ പിരി സംഘങ്ങൾ, ചെറുകിട ഉത്പാദക സംഘങ്ങൾ, ഡീഫൈബറിംഗ് സംഘങ്ങൾ എന്നിവയുടെ പ്രവർത്തന മൂലധനം 5 ലക്ഷം രൂപയിൽ നിന്ന് 7.5 ലക്ഷം രൂപയായും കയർ മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്ക് 7.5 ലക്ഷം രൂപയിൽ നിന്ന് 10 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം കയർ സംഘങ്ങൾക്ക് 9.55 കോടി രൂപ പ്രവർത്തന മൂലധന ഗ്രാന്റായും അടി സ്ഥാനസൗകര്യ വികസന പദ്ധതി പ്രകാരം 72 സംഘങ്ങൾക്ക് 1.68 കോടി രൂപയും അനുവദിച്ചു. വരുമാന ഉറപ്പാക്കൽ പദ്ധതി പ്രകാരം 21,465 പേർ രജി

സ്റ്റർ ചെയ്തിട്ടുണ്ടെന്നും ഈ പദ്ധതിപ്രകാരം സർക്കാർ വിഹിതം തൊഴിലാളികൾക്ക് നൽകുന്നതിനായി 9.50 കോടി രൂപ നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. സഹകരണ സംഘങ്ങൾ അതാത് മേഖലകളിൽ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ഉറപ്പുവരുത്തണം. കേരളത്തിൽ തൊണ്ടിന്റെ ലഭ്യതക്കുറവല്ല സംഭരിക്കുവാൻ കഴിയാത്തതാണ് പ്രതിസന്ധിക്ക് കാരണമെന്നും ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമെന്നും ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2822 മുതൽ 3206 വരെയുള്ള ചോദ്യങ്ങളിൽ 96 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)